കേരള വാട്ടർ അതോറിറ്റിയുടെ കുര്യാത്തി ഡിവിഷനിലെ അറ്റകുറ്റപ്പണികൾ

99 [556] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുര്യാത്തി ഡിവിഷനിലെ അറ്റകുറ്റപ്പണികൾ, വെള്ളായണി കായൽ എന്ന ഒറിജിനൽ വർക്കിൽ പമ്പ് ഹൗസ് അറ്റകുറ്റപ്പണി, ബണ്ട്, കട്ടേഷൻ (ജെ.സി.ബി.) എന്നീ വർക്കുകൾ ഏത് വർഷമാണ് ടെണ്ടർ ചെയ്തത്; ഈ വർക്ക് ആർക്കാണ് നൽകിയിരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ വർക്കിന്റെ പേമെന്റ് നൽകിയോ ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർക്കിന്റെ എം. ബുക്ക് കാണാനില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വർക്കിന്റെ പേമെന്റ് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-ൽ ശ്രീ. കെ. സുരേന്ദ്രൻ, ടി. സി-16/892, ചെറുതോട്ടത്തിൽ വീട്, ജഗതി, തൈക്കാട് പി. ഒ. എന്ന കോൺട്രാക്ടർക്കാണ് നൽകിയിട്ടുള്ളത്.

(ബി) നോൺ സ്റ്റാൻഡേർഡ് ഇനങ്ങളൊഴിച്ചുള്ള വർക്കിന്റെ പേമെന്റ് നൽകിയിട്ടുണ്ട്. നോൺ സ്റ്റാൻഡേർഡ് ഇനങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയശേഷം പേമെന്റ് നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) ഈ വർക്കിന്റെ നോൺ സ്റ്റാൻഡേർഡ് ഇനങ്ങൾ സൂക്ഷ്മ പരിശോധനയിലാണ്. സൂക്ഷ്മ പരിശോധന നടത്തിയശേഷം പേമെന്റ് നൽകുന്നതാണ്.

റാംസർ ഇന്റർ നാഷണൽ കൺവെൻഷന്റെ പരിധിയിൽ വരുന്ന തണ്ണീർത്തടങ്ങൾ

100 [557] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. സുധാകരൻ:
,, കെ. മോഹൻകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാംസർ ഇന്റർ നാഷണൽ കൺവെൻഷൻ പരിധിയിൽ വരുന്ന എത്ര തണ്ണീർത്തടങ്ങൾ സംസ്ഥാനത്തുണ്ട്; ഇവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) അവയേയും അവയുടെ പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly